# കേരള സർക്കാർ

## ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്

## സർക്കുലർ

നം. 103/2022/ധന                                                    തീയതി, തിരുവനന്തപുരം 08.12.2022

വിഷയം: ധനകാര്യ വകുപ്പ് - ട്രഷറി - സർക്കാർ ഓഫീസുകളിൽ e-TR5 സംവിധാനം കാര്യക്ഷമമാക്കുന്നതിനായി നിലവിലെ മറ്റ് വകുപ്പുകളുടെ സോഫ്റ്റ് വെയറുകൾ ഇ-ട്രഷറിയുമായി സമയബന്ധിതമായി സംയോജിപ്പിക്കുന്നത് - ഉറപ്പു വരുത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ - പുറപ്പെടുവിക്കുന്നു.

സൂചന : 1. 02.06.2022 ലെ സ.ഉ (പി) നം. 59/2022/ധന ഉത്തരവ്.
2. 10.11.2022 ലെ ട്രഷറി ഡയറക്ടറുടെ TRY/1788/2020-ETRY1 നമ്പർ റിപ്പോർട്ട്.

01.07.2022 മുതൽ സർക്കാർ ഓഫീസുകളിൽ ഫിസിക്കൽ TR 5 സംവിധാനം പൂർണ്ണമായും ഒഴിവാക്കുന്നതിനും e-TR 5 സംവിധാനത്തിലേക്കു മാറുന്നതിനും സൂചന 1 സർക്കാർ ഉത്തരവ് പ്രകാരം മാർഗ്ഗ നിർദ്ദേശം നല്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ e-TR 5 ഉപയോഗിക്കുന്നത് സംബന്ധിച്ച് വിവിധ വകുപ്പുകൾ ഉന്നയിച്ച വിഷയങ്ങൾ പരിശോധിച്ച് സൂചന 2 പ്രകാരം ട്രഷറി ഡയറക്ടർ സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സൂചന 1 ഉത്തരവ് പാലിക്കുന്നതിൽ നിന്നും ഒരു വകുപ്പിനും ഒരു ഓഫീസിനും ഇളവ് നല്കേണ്ടതില്ലായെന്നും, നിലവിൽ സ്വന്തമായി പ്രത്യേക സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്ന വകുപ്പുകളിൽ/ ഓഫീസുകളിൽ അവരവരുടെ സോഫ്റ്റ്‌വെയറിൽ വേണ്ട പരിഷ്കാരങ്ങൾ (ആവശ്യമെങ്കിൽ) വരുത്തി, തയ്യാറെടുപ്പുകൾ അടിയന്തരമായി പൂർത്തിയാക്കി e-TR5 മുഖേന മാത്രം വരവുകൾ സ്വീകരിക്കാനുള്ള സംവിധാനം സോഫ്റ്റ്‌വെയറുകളിൽ താമസംവിനാ ഏർപ്പെടുത്തേണ്ടതാണെന്ന് എല്ലാ വകുപ്പുകളോടും നിർദ്ദേശിക്കുന്നു. മാത്രമല്ല, 01.01.2023 മുതൽ ഫിസിക്കൽ TR 5 പ്രാബല്യത്തിൽ ഉണ്ടാവില്ല എന്നും ഇക്കാര്യത്തിൽ യാതൊരു ഇളവുകളും പരിഗണിക്കുന്നതല്ലായെന്നുള്ള കർശന നിർദ്ദേശവും നല്കുന്നു.

കെ. മുഹമ്മദ് വൈ സഫിറുള്ള
ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി

പകർപ്പ്:

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II), കേരള, തിരുവനന്തപുരം.
3. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
4. എല്ലാ ഭരണ വകുപ്പുകൾക്കും [ഇ ഓഫീസ് നോട്ടീസ് ബോർഡ് മുഖേന]
5. എല്ലാ വകുപ്പ് തലവന്മാർക്കും [ഭരണ വകുപ്പ് മുഖേന]

6. നോഡൽ ഓഫീസർ, www.finance.kerala.gov.in

7. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി [E 1364725 SL-3/148/2019-FIN]

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

Endt: Fiac1/1561629/19/HSE dt 21/12/22.

Copy to :: All Higher Secondary School principals, ~~and~~ Regional deputy directors & Senior Administrative Officer

21/12/2022

Senior Finance Officer